കോഴിക്കോട് സർവ്വകലാശാലയുടെ രഹസ്യവിഭാഗത്തിൽ ഓഫീസ് സമയത്തിനുശേഷം പുറത്തുനിന്നുള്ളയാളെ കണ്ടതുമായി ബന്ധപ്പെട്ട അന്വേഷണം

103 (792) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിലെ പരീക്ഷാഭവനിലെ രഹസ്യ വിഭാഗത്തിൽ ഓഫീസ് സമയത്തിനുശേഷം പുറത്തുനിന്നുള്ളയാളെ കണ്ടതുമായി ബന്ധപ്പെട്ട് അന്വേഷണം ആവശ്യപ്പെട്ട് എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളും ജീവനക്കാരും നടത്തുന്ന സമരവും സത്യാഗ്രഹവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇതുസംബന്ധമായി എന്തെങ്കിലും പരാതി സർവ്വകലാശാലയ്ക്കോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ; ഇക്കാര്യത്തിൽ ഐകം ബ്രാഞ്ച് അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും സമരം ചെയ്യുന്നവരുടെ ഇതുസംബന്ധിച്ച നോട്ടീസ് ലഭ്യമായിട്ടുണ്ടെന്നും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പരാതിക്കാരുമായി പ്രശ്നം ചർച്ച ചെയ്ത് ഐകം ബ്രാഞ്ച് അന്വേഷണമടക്കമുള്ള നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചെങ്കിലും അവർ സമരം തുടരുകയാണെന്ന് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ സബ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള നടപടി

104(793) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ സബ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ബി) ഇതിലേക്കാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(സി) സ്ഥലം വാങ്ങുന്നതിന് എത്ര തുക വേണ്ടിവരുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പണമനുവദിക്കുന്നതിന് ധനവകുപ്പിന് ഫയൽ സമർപ്പിച്ചിട്ടുണ്ടായെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ വിഷയത്തിൻമേലുള്ള ആലപ്പുഴ കളക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) 17-11-2009-ൽ ശ്രീ. എ. എം. ആരിഫ്, എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് 200 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. എന്നും തുറവൂർ സബ്സെന്ററിന് ഭൂമി ഏറ്റെടുക്കാൻ ബന്ധപ്പെട്ട വകുപ്പ് മുൻകൈ എടുത്താൽ പണം അനുവദിക്കുമെന്നും അറിയിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ സബ്സെന്ററിന് ഭൂമി ഏറ്റെടുക്കാൻ തുക അനുവദിക്കണമെന്ന് ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ധനവകുപ്പ് നിർദ്ദിഷ്ട ബഡ്ജറ്റ് ശീർഷകം ചൂണ്ടിക്കാണിക്കാൻ ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ എൽ. എ. ആർ കേസ്സുകൾക്കാണ് 2075-00-800-54,2075-00800-53 എന്നീ ശീർഷകങ്ങളിൽ നിന്നും തുക അനുവദിക്കുന്നതെന്ന് അറിയിക്കുകയുണ്ടായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ശിപാർശ ചെയ്തതനുസരിച്ചുള്ള തീരുമാനമല്ല റവന്യൂ വകുപ്പിൽ നിന്നും ഉണ്ടായത് ഇതിൻമേൽ നടപടികൾ തുടരുകയാണ്.

(ഇ) ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമല്ല.

യു.ജി.സി./എ.ഐ.സി.റ്റി.ഇ. വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്ക് വൺ റാങ്ക് വൺ പെൻഷൻ ഉത്തരവ്

105(784) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി. സ്കീം സംബന്ധിച്ച് ജി.ഒ.(പി) നമ്പർ 58/2010/ ഹയർഎഡ്യു. തീയതി 27-3-2010-ലെ ഉത്തരവിൽ പെൻഷൻ/ഫാമിലി പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ യു. ജി. സി./എ. ഐ. സി. റ്റി. ഇ. വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്കും ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടും വൺ റാങ്ക് വൺ പെൻഷൻ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെൻഷൻ മാറ്റിവയ്ക്കപ്പെട്ട വേതനമായി അംഗീകരിക്കുന്നുണ്ടോ ; പെൻഷൻ ജീവനക്കാരുടെ അവകാശമാണെന്ന് അംഗീകരിക്കുന്ന സർക്കാർ, കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപകരുടെ പെൻഷൻ കാര്യം 9-ാം ശമ്പള കമ്മീഷന്റെ പരിഗണനയിൽ നിന്ന് ഒഴിവാക്കിയത് എന്തുകൊണ്ട് ; ഇതര വിഭാഗത്തിന് നൽകിയ ആനുകൂല്യം കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപകർക്കും 1-1-2006 മുതൽ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly